GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/08/2026

1) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല കർഷക ദിനാഘോഷവും അവാർഡ് വിതരണവും ചിങ്ങം 1 – ആഗസ്റ്റ് 17 രാവിലെ 9.30 ന് എറണാകുളം കളമശ്ശേരി ആഷിസ് കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തുന്നു. കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് അധ്യക്ഷത വഹിക്കുന്ന ഈ ചടങ്ങിന്റെ ഉദ്ഘാടനം കേരള മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ നിർവ്വഹിക്കുന്നതാണ്. മത്സ്യ ബന്ധന സാമൂഹിക നീതി വകുപ്പ് മന്ത്രി അബ്ദുൾ ഗഫൂർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ്. MP മാർ, MLA മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കോർപ്പറേഷൻ മേയർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്നു. 2025

വർഷത്തെ കാർഷിക മേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള 'ശ്രീ ഉമ്മൻ ചാണ്ടി സ്മാരക സമഗ്ര സംഭാവന പുരസ്കാരം' ആദ്യമായി സമ്മാനിക്കുന്നതും, "മട്ടുപ്പാവ് കൃഷി ചെയ്യുന്ന മികച്ച കർഷകൻ', 'ഉദ്യാന ശ്രേഷ്ഠ' എന്നീ 3 പുതിയ അവാർഡുകളും ഉൾപ്പെടെ 38 വിഭാഗങ്ങളിലായി സംസ്ഥാന കർഷക അവാർഡുകൾ വിതരണം ചെയ്യുന്നതും ഈ വർഷത്തെ കർഷക ദിനാഘോഷത്തിന്റെ പ്രത്യേകതകളാണ്.

2) കേരള കാർഷിക സർവകലാശാല, സെന്റർ ഓഫ് എക്സലൻസ് ഫോർ വെജിറ്റബിൾസ് ആൻഡ് ഫ്ലവേഴ്സ് വയനാട് (COE Wayanad), സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ കേരള എന്നിവയുടെ സഹകരണത്തോടെ ആധുനിക കൃഷിരീതിയായ ഹൈഡ്രോപോണിക്സ് ഉത്പാദനത്തിൽ കർഷകർക്കും സംരംഭകർക്കുമായി ആഗസ്റ്റ് 17, 18 തീയതികളിൽ വയനാട് സെന്റർ ഓഫ് എക്സലൻസ് ഫോർ വെജിറ്റബിൾസ് ആൻഡ് ഫ്ലവേഴ്സിൽ വെച്ച് ദ്വിദിന പരിശീലനം സംഘടിപ്പിക്കുന്നു. ഹൈഡ്രോപോണിക്സ് കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ, പോഷക ലായനി തയ്യാറാക്കലും പരിപാലനവും, ഉത്പാദന ആസൂത്രണം, ചെലവ് കണക്കാക്കൽ, സംരക്ഷിത കൃഷിയിലെ വിള പരിപാലനം, വിപണനം, മൂല്യവർധന തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകും. കേരള കാർഷിക

സർവകലാശാലയിലെയും സെന്റർ ഓഫ് എക്സലൻസിലെയും വിദഗ്ധരുടെയും ശാസ്ത്രജ്ഞരുടെയും നേതൃത്വത്തിൽ പ്രായോഗിക പരിശീലനങ്ങളും പ്രദർശനങ്ങളും വിദഗ്ധരുമായുള്ള സംവാദവും ഉണ്ടായിരിക്കും. രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെയാണ് പരിശീലന സമയം. സ്പോട്ട് രജിസ്ട്രേഷൻ സൗകര്യവും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 7558038632 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3) ക്ഷീരവികസന വകുപ്പിന്റെ 2026–27 സാമ്പത്തിക വർഷത്തിലെ തീറ്റപ്പുൽ ഘടകത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ താൽപ്പര്യമുള്ളവരിൽ നിന്നും ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. 20 സെന്റിന് മുകളിലുള്ള പുൽകൃഷി, തരിശുഭൂമിയിലുള്ള പുൽകൃഷി, ചോളകൃഷി എന്നീ പദ്ധതികളും പുൽ കൃഷിക്ക് വേണ്ടിയുള്ള യന്ത്രവൽകരണ ധനസഹായം, ജലസേചന ധനസഹായം എന്നിവയും ഗ്രൂപ്പുകൾക്ക് തീറ്റപ്പുൽ വിതരണ യൂണിറ്റുകൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയും ഉൾപ്പെടുന്നതാണ് **പുൽകൃഷി വികസന പദ്ധതി.** ക്ഷീരവികസന വകുപ്പിന്റെ www.ksheerasree.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന ആഗസ്റ്റ് 20 വരെ രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാം. കൂടുതൽ

വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവൃത്തിക്കുന്ന ക്ഷീര വികസന യൂണിറ്റുമായി 0486 222099 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4) ലോക പശുദിനത്തോടനുബന്ധിച്ച് **പണം ചുരത്തും പശു** എന്ന **വിഷയത്തിൽ പശുവളർത്തൽ സംരംഭകരുടെ സംഗമവും സെമിനാറും** 2026 സെപ്റ്റംബർ 1 ന് ചൊവ്വാഴ്ച കണ്ണൂർ തെക്കിബസാറിലുള്ള മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് സംഘടിപ്പിക്കുന്നു. സെമിനാറിൽ കർഷകർക്ക് കണ്ണൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസറുമായി സംവദിക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വ്യവസായ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ, കന്നുകാലി വികസന ബോർഡ്, കേരള ഫീഡ്സ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ബാങ്ക് എന്നിവയുടെ പ്രതിനിധി കൾ അവരവർ മുഖേന നടത്തുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു. ആദ്യം വിളിക്കുന്ന 100 പേർക്കായിരിക്കും പ്രവേശനം. പങ്കെടുക്കാനാഗ്രഹിക്കുന്ന കർഷകർക്കും സംരംഭകർക്കും 2026 ആഗസ്റ്റ് 24-ന് വൈകുന്നേരം 04.00 മണിക്ക് മുമ്പ് 0497-2763473 എന്ന നമ്പറിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

5) 2026 കർഷക ദിനത്തോടനുബന്ധിച്ച് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷനും കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയും വനിത കർഷകർക്കായി **'സ്ത്രീ സൗഹൃദ കാർഷിക യന്ത്രങ്ങളുടെ ഒരു പ്രദർശനവും പരിചയപ്പെടുത്തലും'** എന്ന പരിപാടി കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് ആഗസ്റ്റ് 17, 18, 19 എന്നീ ദിവസങ്ങളിലായി സംഘടിപ്പിക്കുന്നു. ഈ ദിവസങ്ങളിൽ, രാവിലെ 10.30 മണി മുതൽ വൈകിട്ട് 4.30 മണി വരെ സ്ത്രീ സൗഹൃദ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും കാണുന്നതിനും പ്രവർത്തിപ്പിച്ചു നോക്കുന്നതിനും സൗകര്യം ഉണ്ടായിരിക്കും. ചെറിയ ടില്ലറുകൾ, പുൽവെട്ടിയന്ത്രങ്ങൾ, പ്രൂണറുകൾ, അടുക്കളത്തോട്ടത്തിനു ഉപയോഗിക്കാവുന്ന വിവിധ കാർഷിക ഉപകരണങ്ങൾ മുതലായ യന്ത്രങ്ങൾ ഇവിടെ പ്രദർശിപ്പിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 281200673 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

6. സംസ്ഥാനത്ത് തുടരുന്ന മഴയും പ്രതികൂല കാലാവസ്ഥയെയും തുടർന്നുണ്ടാകുന്ന കാർഷിക വിളനാശങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് എല്ലാ ജില്ലകളിലും

കൺട്രോൾ റൂമുകൾ തുറന്നു. മഴക്കെടുതി മൂലമുണ്ടാകുന്ന കൃഷിനാശം സംബന്ധിച്ച വിവരങ്ങൾ കർഷകർക്ക് അതാത് ജില്ലകളിലെ കൺട്രോൾ റൂമുകളിൽ അറിയിക്കാവുന്നതാണ്. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട അടിയന്തര സഹായങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ സാങ്കേതിക നിർദേശങ്ങൾ നൽകുന്നതിനും കൺട്രോൾ റൂമുകൾ പ്രവർത്തിക്കും. കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി കർഷകർക്ക് കൃഷി വകുപ്പിന്റെ AIMS പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഇതിനായി www.aims.kerala.gov.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് കൃഷിഭൂമിയുടെയും നാശനഷ്ടം സംഭവിച്ച വിളകളുടെയും വിവരങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട കൃഷിഭവനിലേക്ക് അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് www.aims.kerala.gov.in, www.keralaagriculture.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ ബന്ധപ്പെട്ട ജില്ലാതല കൺട്രോൾ റൂമുകളിൽ ബന്ധപ്പെടുകയോ ചെയ്യണമെന്ന് കൃഷി ഡയറക്ടറേറ്റ് അറിയിച്ചു.

ജില്ലയുടെ പേര് ബന്ധപ്പെടേണ്ട നമ്പറുകൾ

1 തിരുവനന്തപുരം 9383470086/ 9383470700

| | | | |
|---|---|---|---|
| 2 | കൊല്ലം | 9383470318/ | 9383470770 |
| 3 | ആലപ്പുഴ | 9383470561/ | 9383471108 |
| 4 | കോട്ടയം i/c | 9383470704/ | 9383471300 |
| 5 | പത്തനംതിട്ട | 9383470499/ | 9383470900 |
| 6 | എറണാകുളം | 9383471150/ | 9383471500 |
| 7 | ഇടുക്കി | 9383470821/ | 9383471400 |
| 8 | തൃശ്ശൂർ | 9383473242/ | 9383471600 |
| 9 | പാലക്കാട് | 9383471457/ | 9383471700 |
| 10 | മലപ്പുറം | 9383471618 / | 9383471800 |
| 11 | കോഴിക്കോട് | 9383471779/ | 9383471900 |
| 12 | വയനാട് | 9383471912/ | 9383472442 |
| 13 | കണ്ണൂർ | 9383472028/ | 9383472300 |
| 14 | കാസർഗോഡ് | 9383471961/ | 9383472400 |

7. 'വ്യാവസായിക അടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തൽ' എന്ന വിഷയത്തിൽ ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് 2026 ആഗസ്റ്റ് 20, 21 തിയ്യതികളിൽ രാവിലെ 10 മണി മുതൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0494-2962296 എന്ന നമ്പരിൽ ബന്ധപ്പെടുക.

8 കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) ആഗസ്റ്റ് 17 ന് ആരംഭിക്കുന്ന **"പഴം-പച്ചക്കറി സംസ്കരണവും വിപണനവും"** എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മൂന്ന് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. മലയാളം ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങള് www.celkau.in വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com എന്ന ഇ-മെയിൽ വഴിയോ 04872438567, 8547837256 എന്നീ ഫോണ് നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

തുടർച്ചയായ മഴമൂലം കുരുമുളകിൽ ദ്രുതവാട്ടരോഗം കാണാനിടയുണ്ട്. രണ്ടു കിലോ ട്രൈക്കോഡർമ 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. രോഗം കൂടുന്ന പക്ഷം 1% വീര്യമുള്ള ബോർഡോ മിശ്രിതമോ അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസൻസ് അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുകയും ചെടിയിൽ തളിച്ചു കൊടുക്കുകയും ചെയ്യുക.